**പതിമൂന്നാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **2213** — 17.02.2016-ൽ മറുപടിക്ക്

ഇ-ഗവേണൻസ്

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. രാജു എബ്രഹാം** | **ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാന സർക്കാരിന്റെ ഏതൊക്കെ വകുപ്പുകളിലാണ് ഇപ്പോൾ ഇ-ഗവേണൻസ്സ് നടപ്പാക്കിയിട്ടുള്ളത്; | (എ) സെക്രട്ടേറിയറ്റിൽ 33 വകുപ്പുകളിൽ ഇ-ഓഫീസ് പൂർണ്ണമായോ ഭാഗികമായോ നടപ്പിലാക്കിയിട്ടുണ്ട്. 4 ഡയറക്ടറേറ്റുകളിലും കണ്ണൂർ കളക്ടേറ്റിലും ഇ-ഓഫീസ് നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ മറ്റു കളക്ടേറ്റുകളിലും 21 സബ് കളക്ടേറ്റുകളിലും 75 താലൂക്കുകളിലും ലാൻഡ് റവന്യൂ കമ്മീഷണർമാരുടെ ഓഫീസുകളിലും ഇ-ഓഫീസ് നടപ്പിലാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.<br><br>കേരള വാട്ടർ അതോറിറ്റി, റൂറൽ ഡെവലപ്പ്മെന്റ് ഡിപ്പാർട്ടുമെന്റ്, വി.എച്ച്.എസ്.ഇ എന്നീ മൂന്ന് വകുപ്പുകളുടെ ആറ് സേവനങ്ങൾ എസ്.എസ്.ഡി.ജി. പദ്ധതി മുഖേന നടപ്പിലാക്കിയിട്ടുണ്ട്. റവന്യൂ വകുപ്പിലെ 24 സേവനങ്ങൾ ഇ-ഡിസ്ട്രിക്റ്റ് പദ്ധതി മുഖേന നടപ്പിലാക്കിയിട്ടുണ്ട്.<br><br>ഇ-ഗവേണൻസിലേക്കായി സംസ്ഥാന ഡാറ്റ സെന്റർ, സ്റ്റേറ്റ് വൈഡ് ഏരിയ നെറ്റ് വർക്ക്, എം - ഗവേണൻസ്, വീഡിയോ കോൺഫറൻസ്, മുതലായ പൊതു അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. നോഡൽ ഏജൻസിയായ ഐ. ടി. മിഷൻ കൺസൾട്ടൻസി സേവനങ്ങളും നല്കുന്നുണ്ട്. |
| (ബി) പേപ്പർ-രഹിത ഓഫീസ് എന്ന ആശയം നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെ ; | (ബി) പരമ്പരാഗത രീതിയിൽ ഫയൽ കൈകാര്യം ചെയ്യുന്നതിനു പകരമായി പൂർണ്ണമായും ഡിജിറ്റലായി ഫയൽ കൈകാര്യം ചെയ്യുന്നതിന് പ്രാപ്തമാകുന്ന കടലാസ് രഹിത സംവിധാനമാണ് ഇ-ഓഫീസ്. ഓൺലൈനായി ഏത് സമയത്തും ഫയൽ കൈകാര്യം ചെയ്യാനും സർക്കാർ ഉത്തരവുകളും കത്തുകളും മറ്റും ഡിജിറ്റൽ ഒപ്പോടുകൂടി ഇലക്ട്രോണിക്ക് ആയി അയയ്ക്കുവാനും ഇതിൽ സംവിധാനമുണ്ട്. എൻ ഐ സി |

വികസിപ്പിച്ചെടുത്ത ഇ ഓഫീസ് ഘട്ടം ഘട്ടമായാണ് നടപ്പിലാക്കുന്നത്. സെക്രട്ടേറിയറ്റിലും എല്ലാ സർക്കാർ വകുപ്പുകളിലും ഇ-ഓഫീസ് നടപ്പാക്കുവാനാണ് പദ്ധതിയിട്ടിരിക്കുന്നത്. സംസ്ഥാനത്തെ ലാന്റ് റവന്യൂ കമ്മീഷണറേറ്റിലും എല്ലാ കളക്ടറേറ്റുകളിലും, സബ് കളക്ടറേറ്റുകളിലും താലൂക്ക് ഓഫീസുകളിലും ഇ-ഓഫീസ് നടപ്പാക്കുന്നതിന് 20 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. മറ്റു പതിനഞ്ചോളം ഡയറക്ടറേറ്റുകളിലും ഇ-ഓഫീസ് സമ്പ്രദായം നടപ്പിലാക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) തങ്ങളുടെ പരാതികളും ഫയലുകൾ സംബന്ധിച്ച നീക്കവും അറിയുന്നതിന് പൊതുജനങ്ങൾക്കായി എന്ത് സംവിധാനമാണ് വിവിധ സർക്കാർ വകുപ്പുകളിൽ ലഭ്യമാക്കിയിട്ടുള്ളത് ; വിശദാംശം ലഭ്യമാക്കാമോ?

(സി) പൊതുജനങ്ങൾക്ക് തങ്ങളുടെ പരാതികളുമായി ബന്ധപ്പെട്ട ഇ-ഫയലുകളുടെ തൽസ്ഥിതി അറിയുവാനായി സിറ്റിസൺ ഇന്റർഫേസ് ഇ-ഓഫീസിൽ ഏർപ്പെടുത്തിയിട്ടുണ്ട്. ഇന്റർനെറ്റിലെ 'eoffice.kerala.gov.in' എന്ന യു.ആർ.എൽ മുഖാന്തിരം പൊതുജനങ്ങൾക്ക് ഈ സേവനം ലഭ്യമാകുന്നതാണ്.

സെക്ഷൻ ഓഫീസർ